

# തെങ്ങിന്റെ ചങ്ങാതികളാവാൻ ബിടെക്, എം.ബി.എ. ബിരുദധാരികളും

Posted on: 07 Dec 2011

വടക്കാഞ്ചേരി(തൃശ്ശൂർ): തെങ്ങുകയറ്റ പരിശീലനത്തിന് ബിടെക്, എം.ബി.എ. ബിരുദധാരികളും എൻജിനീയറിങ് ഡിപ്ലോമക്കാരും എത്തി. പരമ്പരാഗത തൊഴിലാളികളും ഏറെയുണ്ട്.നാളികേര വികസന ബോർഡിന്റെ സഹായത്തോടെ വടക്കാഞ്ചേരി ബ്ലോക്ക് ഗ്രീൻ ആർമി സംഘടിപ്പിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിപാടി ഏറെ ആകർഷിക്കുന്നത് യുവാക്കളെയാണ്. തൊഴിൽ നഷ്ടപ്പെടുന്ന പരമ്പരാഗത മേഖലകളിൽനിന്നു നിരവധി പേർ തെങ്ങുകയറ്റ പരിശീലനത്തിനെത്തുന്നുണ്ട്. 25 ബാച്ചുകളായാണ് പരിശീലനം. ലക്ഷദ്വീപിലെ 10 ദ്വീപിൽനിന്നായി ഒരുസംഘം പരിശീലനം നേടി തിരിച്ചുപോയി. ബിടെക് കഴിഞ്ഞ രണ്ടുപേരും ഒരു എം.ബി.എ.ക്കാരനും തെങ്ങുകയറ്റ പരിശീലനം നേടി.തെങ്ങുകയറ്റ പരിശീലനത്തിന് കൃത്യമായ പാഠക്രമം തയ്യാറാക്കിയിട്ടുണ്ട്. ഭക്ഷണവും താമസവും സൌജന്യം. ഏഴുദിവസമാണ് പരിശീലനം. 900രൂപ പരിശീലനവേളയിൽ സ്റ്റൈപ്പൻഡ്. ഒരുലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയുമുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചാൽ തെങ്ങുകയറ്റത്തിൽ വൈദഗ്ദ്ധ്യം രേഖപ്പെടുത്തിയ പ്രമാണപത്രവും സൌജന്യമായി തെങ്ങുകയറ്റയന്ത്രവും ലഭിക്കും. പരിശീലന പരിപാടയിൽ തെങ്ങും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് ആദ്യത്തെ പഠനവിഷയം. തെങ്ങുകയറ്റയന്ത്രത്തിന്റെ പ്രവർത്തനരീതി, തെങ്ങ് ഉപയോഗിച്ച് പരിശീലനം, തെങ്ങിനെ അടുത്തറിയൽ, തെങ്ങുകൃഷി- മണ്ണ്, കാലാവസ്ഥ, പരിചരണം, ജൈവാവശിഷ്ടങ്ങളുടെ പുനഃചംക്രമണം, ഇടവിളകൾ, ജലസേചനം, വിളവെടുപ്പ്, തെങ്ങിലെ കീടങ്ങളുടെ നിയന്ത്രണം, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മണ്ഡരിലക്ഷണങ്ങൾ, വളപ്രയോഗരീതി, വിത്തുതേങ്ങ ശേഖരിക്കൽ, വിവിധ പ്രായത്തിലുള്ള നാളികേരത്തെ തിരിച്ചറിയാനുള്ള രീതികളും പരിശീലനത്തിന്റെ ഭാഗമാണ്. സമാപനത്തിൽ തെങ്ങുകയറ്റ മത്സരവും പരിശീലന പരിപാടിയുടെ ഭാഗമാണ്.